മെയ് 2022 ലക്കം 5

ഉണർവ്വ് പഠനപത്രിക

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി

# കാഴ്ച

*മെയ് മാസ കാഴ്ച ഒരു സമ്മാനപ്പൊതിയിലേക്കാണ് നീളുന്നത്. മുപ്പത്തിയഞ്ചാം പിറന്നാളിന്റെ മാധുര്യം തിരുകി ആത്മസുഹൃത്ത് ഷീലയ്ക്ക് നൽകിയതാണ് ആ സമ്മാനം. സമ്മാനത്തിന്റെ സന്തോഷത്തിൽ ആയിരുന്നെങ്കിലും ആ പാവം കുടുംബിനിക്ക് അന്നും പതിവ് ജോലിത്തിരക്കുകൾ ആയിരുന്നു. ദിവസങ്ങളോളം സമ്മാനപ്പൊതി കീറി തുടങ്ങിയ ബാഗിന്റെ ഇരുട്ടിൽ ഒളിച്ചു കിടന്നു. പിന്നീട് എപ്പോഴോ അലമാരിയുടെ ഏറ്റവും മുകളിലത്തെ തട്ടിലേക്ക് മാറ്റപ്പെട്ടു. മാറാല പൊതിഞ്ഞു തുടങ്ങിയ വീടിന്റെ മോടി പിടിപ്പിക്കലിനിടയിൽ ആ കൊച്ചു സമ്മാനപ്പൊതിക്ക് തട്ടിൻപുറത്തേക്ക് സ്ഥാനക്കയറ്റം ലഭിച്ചു. ഇതിനിടയിൽ വെള്ളം പൊങ്ങി. കടലാക്രമണം ഉണ്ടായി. കൊടും വേനൽ വന്നു. ഷീലയുടെ മക്കൾ വളർന്നു. അവർക്കും മക്കളുണ്ടായി. സഹയാത്രികൻ 75-ാം വയസ്സിൽ ഷീലയെ വിട്ടുപിരിഞ്ഞു. സമ്മാനപ്പൊതി ഭദ്രമായി ആ വീട്ടിൽ അവിടെയും ഇവിടെയുമായി കറങ്ങി നടന്നു. ഒരു പരിഭവവും ഇല്ലാതെ. പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാത്ത, വാർദ്ധക്യത്തിലെ ഒരു ദിവസം ഷീല തന്റെ പഴഞ്ചൻ ഓർമ്മകൾ തിങ്ങികിടക്കുന്ന ആ നിറം മങ്ങിയ ട്രങ്കു പെട്ടിയിലെ സാധനങ്ങൾക്കിടയിലൂടെ കൈയ്യോടിച്ചു. ആ കൊച്ചു സമ്മാനപ്പൊതി! അവൾ കൊതിയോടെ അതഴിച്ചു നോക്കി. 40 വർഷങ്ങൾക്കു മുൻപ് താൻ ഏറ്റവും കൊതിച്ചിരുന്ന സ്വർണ്ണ ചെയിൻ ഉള്ള വാച്ച്. ഇന്നത് പാടേ നശിച്ചിരിക്കുന്നതു കണ്ട് ഷീലയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. കൂട്ടുകാരെ, ഏറ്റവും മനോഹരമായ സമ്മാനങ്ങളാണ് നമ്മൾ ഓരോരുത്തരും. ജീവിതത്തിന്റെ തിരക്കുകളും ഉത്തരവാദിത്തങ്ങളും പറഞ്ഞ് അതൊന്ന് അഴിച്ചു നോക്കാൻ പോലും നാം മിനക്കെടാറില്ല. ഈ കൊച്ചു ജീവിതം തീരും മുൻപേ സ്വയം അറിയാനും സ്വന്തം കഴിവുകൾ എടുത്ത് ഉപയോഗിക്കുവാനും ശ്രമിക്കേണ്ടതുണ്ട് എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട്*



ബബിത

(SHG കോർഡിനേറ്റർ, TSSS)

# വായന

മെയ്മാസം രണ്ടാം ഞായറാഴ്ച മാതൃദിനമായി ആചരിക്കപ്പെടുന്നു. ***ആരാണ് അമ്മ*** എന്ന് ഈ അവസരത്തിൽ ഒരു ചിന്ത ആവശ്യമാണെന്നു തോന്നുന്നു.

കുടുംബങ്ങൾ രൂപപ്പെട്ടത് വിവാഹങ്ങളിലൂടെയാണ്. വിവാഹവ്യവസ്ഥകളിൽ കാലോചിതമായി മാറ്റങ്ങൾ പലതും വന്നു. രണ്ട് വ്യക്തികളുടെ മാത്രം തലത്തിൽനിന്നുള്ള തീരുമാനം എന്ന ആദർശം ഇന്നും വിവാഹത്തിൽ പ്രമുഖമല്ല; പ്രധാനമായും അത് കുടുംബങ്ങളുടെ ബന്ധുബലവും, സാമ്പത്തികകൈമാറ്റങ്ങളുടെ നിയമാനുസൃത നിജപ്പെടലുകളുമായി സാമൂഹികമേൽവിലാസങ്ങൾ സൃഷ്ടിക്കുന്നു. വിവാഹ വ്യവസ്ഥയ്ക്കുള്ളിലെ സ്ത്രീ-പുരുഷ സമവാക്യം തുല്യതയുടേതായി കൊണ്ടാടപ്പെടുന്നുണ്ടെങ്കിലും ഒരു ഫ്യൂഡൽകാലത്തെ ഓർമ്മയിലെത്തിക്കുന്ന തരത്തിൽ ഇന്നുമത് യജമാന-പരിചാരിക വിധേയത്വത്തിന്റെ മാനസികാടിമത്തത്തിലാണ് ചുവടുറപ്പിച്ചിരിക്കുന്നത്. സ്ത്രീയുടെ വ്യക്തിത്വ വികാസത്തെ നിരാകരിക്കുന്ന തരത്തിൽ പാരമ്പര്യവാദങ്ങളും മഹത്വവത്ക്കരിക്കലുകളും ശൈലികളും പഴഞ്ചൊല്ലുകളുമൊക്കെയായി മാധ്യമങ്ങളിലൂടെയും അധികാരലോകങ്ങളുടെ ഉദ്ബോധനങ്ങളിലൂടെയും ആൺകോയമയുടെ വിളവെടുപ്പു നിലങ്ങളായി കുടുംബത്തെയും വിവാഹാനന്തര ദമ്പതീബന്ധത്തെയും ഓർമപ്പെടുത്തി ഉറപ്പിക്കുന്നു.

വേട്ടയാടലും കൂട്ടിവച്ച് കാത്തുപോറ്റലും രണ്ട് വ്യത്യസ്ത സ്വഭാവപരിണാമങ്ങളായി ആണിനെയും പെണ്ണിനെയും ഇപ്പോഴും അടയാളപ്പെടുത്തുന്നു. 'അച്ഛനാകൽ' എന്നതുപോലെ ജീവശാസ്ത്രപരമായി നിർവ്വചിക്കപ്പെട്ടതാണ് 'അമ്മയാകൽ' എങ്കിലും ശിശുവിന്റെ വളർച്ചയിൽ അമ്മയെ കൂടുതലായി ആശ്രയിക്കേണ്ടിവരുന്നതിനാൽ 'അമ്മ' എന്നത് ഒരു സാമൂഹിക പദവിയായി നിർമ്മിക്കപ്പെടുകയാണ്. ഒപ്പം കുടുംബത്തെ സന്തുലിതവും സമഗ്രവുമായി "മാനേജ്" ചെയ്യലിലേക്ക് അമ്മത്തം ചുരുങ്ങിപ്പോകുന്നു. വ്യക്തിസത്തയെക്കാൾ കുടുംബസത്തയിലേക്കാണ് അമ്മത്തം നിഷ്കർഷിക്കപ്പെടുന്നത്. അതിലേക്കായി അതികാല്പനികമൂല്യങ്ങളായ സ്നേഹം, എളിമ, അനുസരണം, ക്ഷമ, സഹനം, മൗനം (എല്ലാം ഉള്ളിൽ സംഗ്രഹിക്കൽ), സേവനം തുടങ്ങിയവ അമ്മയുടെ, സ്ത്രീയുടെ, സവിശേഷതകളായി മഹത്വവത്ക്കരിച്ചിരിക്കുന്നു. അമ്മ പലപ്പോഴും മനുഷ്യാവകാശ-നീതിനിരാസങ്ങളുടെ വ്യാജനിർമ്മിതിയായ മാനസികാടിമത്തത്തിലേക്ക്; സ്നേഹമെന്നും, ക്ഷമയെന്നും ത്യാഗമെന്നുമൊക്കെയുള്ള തെറ്റിദ്ധാരണയിലേക്ക് ഉൾവലിയപ്പെടുന്നു. സാമൂഹികബലതന്ത്രങ്ങളുടെ ലോകം ഏകപക്ഷീയമായി പുരുഷന്റേത് മാത്രമാകുകയും കുടുംബം അതിന്റെ അന്തമില്ലാത്ത ഉത്തരവാദിത്തങ്ങളുടെ നീരാളിപ്പിടിത്തത്തിൽ അമ്മമാരെ വലി

ച്ചടുപ്പിക്കുകയും അദൃശ്യ അദ്ധ്വാനങ്ങൾ ഏല്പിക്കുന്ന തേയ്മാനങ്ങളുടെ, അപരിഹാര്യങ്ങളായ പ്രശ്നങ്ങളുടെ ജീവിതപാരുഷ്യങ്ങളിലേക്ക് കോലാടുകളായി അവർ ഒടുങ്ങുകയും ചെയ്യുന്നു.

വ്യക്തികൾ എന്ന നിലയ്ക്ക് ഒരുപോലെ സാമൂഹ്യ-ഗാർഹിക ഉത്തരവാദിത്തങ്ങൾ ഏല്ക്കാൻ കഴിയുന്നവരാണ് പുരുഷനും സ്ത്രീയുമെങ്കിലും ഒരമ്മ സാമൂഹിക-രാഷ്ട്രീയ-മത ഭരണരംഗങ്ങളിലെത്തുന്നത് അംഗീകരിക്കാൻ വിമുഖരാണ് ഇന്നും സമൂഹം.

അമ്മയെ സംബന്ധിച്ച്, വീടിനുള്ളിൽപ്പോലും അവൾക്കായി ഒരിടം അനാവശ്യമാണെന്ന ചിന്ത, സ്വന്തം ഇഷ്ടാനിഷ്ടങ്ങളും തെരഞ്ഞെടുപ്പുകളും തന്റേടമാണെന്ന നെറ്റി ചുളിക്കൽ, യാത്രകൾ വീടിന്റെ ഉത്തരവാദിത്തങ്ങളിൽ നിന്നുള്ള ഒഴിഞ്ഞുമാറലാണെന്ന വിലയിരുത്തൽ, സ്വന്തം പേരിൽ സ്ഥാവരജംഗമങ്ങൾ ഉണ്ടാകുന്നതുതന്നെ അപകടകരമാണെന്ന ഓർമിപ്പിക്കൽ, വാർദ്ധക്യത്തിലെ വിശ്രമകാലം മൂന്നാം തലമുറയുടെ പാകപ്പെടലിന് വേണ്ടി മാറ്റിവയ്ക്കപ്പെടേണ്ടത് എന്ന നിഗമനം-ഇതൊക്കെക്കൂടിയാകുമ്പോൾ സ്നേഹപാശങ്ങളുടെ വേലിയേറ്റത്തിൽ ദിശാബോധവും സ്വയം ബോധവും നഷ്ടപ്പെട്ട ഇരുകാലിയുടെ  സഹനചിത്രം പൂർത്തിയാകുന്നു.

ലോകം നേരിടുന്ന പ്രതിസന്ധികളിൽ, ഇരയുടെ തലത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് അനീതിക്കും അശാന്തിക്കുമെതിരെ നിർണ്ണായകശക്തിയായി അമ്മമാർ ഉണരണം എന്നാണ് പോപ്പ് ഫ്രാൻസിസ് ആഹ്വാനം ചെയ്യുന്നത്. മാനവരാശിയുടെയും നമ്മുടെ പൊതുവീടായ ഭൂമിയുടെയും പരിപാലനമെന്നത്  സ്വതന്ത്രമായ തീരുമാനമെടുക്കലിന്റെയും ഉത്തരവാദിത്തങ്ങൾ പൂർത്തിയാക്കലിന്റെയും ദൗത്യമാണ്. അത് അനന്തസാധ്യതകളുള്ള സ്ത്രീകളുടെ, അമ്മമാരുടെ കൈകളിൽ ഭദ്രമായിരിക്കുമെന്ന് സധൈര്യം വിളിച്ചുപറയുന്നതിലൂടെ കാലം ആവശ്യപ്പെടുന്ന അമ്മത്തത്തിന്റെ പൊളിച്ചെഴുത്താണ് പോപ്പ് വിഭാവന ചെയ്യുന്നത്.

വിവാഹം, കുടംബം, അമ്മ, അച്ഛൻ തുടങ്ങിയ വ്യവസ്ഥാപിത സാമൂഹിക നിർമ്മിതികളിൽ അനിവാര്യമായ പരിവർത്തനങ്ങളും പുനർനിർവ്വചനങ്ങളും കാലം ആവശ്യപ്പെടുന്നുണ്ട്. അമ്മ പൗരധർമങ്ങളും അനന്തസാധ്യതകളുമുള്ള ഒരു സാമൂഹികജീവിയും പൂർണ്ണവ്യക്തിയുമാണെന്ന് തിരിച്ചറിയാതെ പോകുന്നത് വികസിതസമൂഹത്തിന്റെ പരാജയം തന്നെയാണ്.

**ഡോ. ഐറിസ് കൊയ്‌ലിയോ**
**(മുൻ അധ്യാപിക)**
സെന്റ് സേവ്യേഴ്സ് കോളേജ്, തുമ്പ



# ചുറ്റുവട്ടം

## കേരളം

* വിദേശത്ത് 2 വർഷമെങ്കിലും ജോലി നോക്കുകയോ താമസിക്കുകയോ ചെയ്തശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ വനിതകൾക്കായി “വനിതാമിത്ര പദ്ധതി” യുമായി നോർക്കയും, വനിതാ വികസന കോർപ്പറേഷനും കൈകോർക്കുന്നു. വനിതകൾക്ക് 30 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.
* കേരളത്തിലെ 941 പഞ്ചായത്തുകളിലേക്കും അപേക്ഷ സമർപ്പിക്കാൻ ഇനി പഞ്ചായത്ത് ഓഫീസുകളിൽ പോകേണ്ടതില്ല. https//citizen.lsgkerala gov.in എന്ന പോർട്ടൽ വഴി ജില്ല, പഞ്ചായത്ത്, എന്നിവ തെരഞ്ഞെടുത്ത് യൂസർ ഐ.ഡി. ഉണ്ടാക്കി അപേക്ഷ നൽകാം. പ്രധാനമായും ജനന, മരണ, വിവാഹ രജിസ്ട്രേഷൻ എന്നിവയ്ക്ക് ഇപ്രകാരം അപേക്ഷിക്കാം. അനുബന്ധ രേഖകളും സമർപ്പിക്കാവുന്നതാണ്.
* 9 വയസ്സുകാരിയെ പകൽ ഓട്ടോറിക്ഷയ്ക്കുള്ളിൽ പലതവണ ലൈംഗികമായി പീഡിപ്പിച്ച 53 കാരന് ജീവിതാവസാനം വരെ കഠിനതടവും, 75,000 രൂപ പിഴയും വിധിച്ചുകൊണ്ട് അതിവേഗ സെപ്ഷ്യൽ കോടതി ജഡ്ജി ശിക്ഷിച്ചു. തിരുവനന്തപുരം മണ്ണന്തലയിൽ 2012-2013 ലാണ് സംഭവം നടന്നത്.
* മത്സ്യബന്ധന തുറമുഖ വകുപ്പിനു കീഴിലുള്ള കേരള മാരി ടൈം ബോർഡ് ചെയർമാനായി വൈദ്യുതി ബോർഡ് മുൻ ചെയർമാൻ എൻ.എസ്. പിള്ള ചുമതലയേറ്റു.
* പദ്ധതി നിർവ്വഹണത്തിൽ ജില്ലയിൽ ഒന്നാം സ്ഥാനവും സംസ്ഥാന തലത്തിൽ നാലാം സ്ഥാനവും അഞ്ചുതെങ്ങ് ഗ്രാമഞ്ചായത്തിന് ലഭിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സർക്കാർ നടപ്പാക്കിയ പ്രധാന പ്രോജക്റ്റുകൾ സമയ ബന്ധിതമായി പൂർത്തീകരിച്ചതാണ് സർക്കാരിന്റെ അവാർഡിനായി പഞ്ചായത്തിനെ തിരഞ്ഞെടുക്കാൻ കാരണം.
* ലോകബാങ്ക് സഹായത്തോടെ നാഷണൽ ഹൈഡ്രോളജി പ്രോജക്ടും, കുടുംബശ്രീമിഷനും ചേർന്ന് സംസ്ഥാനത്തെ കിണറുകളും, കുളങ്ങളും ഉൾപ്പെടെ എല്ലാ ഭൂജല ഘടനകളുടേയും വിവരം ശേഖരിക്കുന്നതിനായി ഭൂജലവകുപ്പിന്റെ നേതൃത്വത്തിൽ വെൽസെൻസസിനു തുടക്കമായി.

* പഞ്ചായത്തുകൾ പുതിയ പദ്ധതികൾ നടപ്പാക്കും മുമ്പ് സാമൂഹികാഘാത സാധ്യതാപഠനം നടത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകി.

## ഇന്ത്യ

* ഐക്യരാഷ്ട്ര സംഘടനയിലെ നാലു പ്രധാന സമിതികളിലേക്ക് ഇന്ത്യ തെരഞ്ഞെടുക്കപ്പെട്ടു. സാമൂഹിക വികസന കമ്മീഷൻ, സന്നദ്ധ സംഘടനകൾക്കായുള്ള സമിതി, ശാസ്ത്ര - സാങ്കേതിക വിദ്യ വികസന കമ്മിഷൻ, സാമ്പത്തിക-സാമൂഹിക-സാംസ്കാരിക അവകാശങ്ങൾക്കുള്ള സമിതി എന്നിവയാണ് ഈ നാലു സമിതികൾ.
* സുസ്ഥിര വികസനത്തിന് തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കാനുള്ള രാഷ്ട്രീയ ഗ്രാമസ്വരാജ് പദ്ധതിക്ക് കൂടുതൽ തുക അനുവദിക്കാനും, പദ്ധതി 2026 വരെ നീട്ടാനും കേന്ദ്രമന്ത്രി സഭായോഗം തീരുമാനിച്ചു. ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള അന്തരം ഇല്ലാതാക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനുമായി 2018 ൽ ആരംഭിച്ച പദ്ധതി 2022 മാർച്ചിൽ അവസാനിക്കാനിരുന്നതായിരുന്നു.
* ലഫ്. ജനറൽ മനോജ് പാണ്ഡെയെ കരസേന മേധാവിയായി നിയമിച്ചു.

## ലോകം

* പാകിസ്ഥാന്റെ പുതിയ പ്രധാനമന്ത്രിയായി ഷഹബാസ് ഷറീഫ് അധികാരമേറ്റു.
* മെക്സിക്കോയിലെ മനുഷ്യവകാശ മുന്നേറ്റത്തിലെ മുഖ്യ പോരാളിയായിരുന്ന റോസാരിയോ ഇബാറ (95) അന്തരിച്ചു. രാജ്യത്തെ ആദ്യ വനിതാ പ്രസിഡന്റ് സ്ഥാനാർത്ഥിയായിരുന്നു.



*ശേഖരണം:* **ശ്രീകല**

*സാമൂഹ്യപ്രവർത്തക*

# തൊഴിൽ വാർത്ത

**"നോർക്ക വനിതാ മിത്ര വായ്പകൾക്ക് അപേക്ഷ ക്ഷണിച്ചു"**

നോർക്ക റൂട്ട്സും വനിതാ വികസന കോർപ്പറേഷനും ചേർന്ന് വനിതാ സംരംഭകർക്കായി ആവിഷ്കരിച്ചിരിക്കുന്ന നോർക്ക വനിത മിത്ര വായ്പ പദ്ധതിയിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. രണ്ടു വർഷ മെങ്കിലും വിദേശത്ത് ജോലി നോക്കുകയോ താമസിക്കുകയോ ചെയ്ത ശേഷം സ്ഥിരമായി മടങ്ങിയെത്തിയ വനിതകൾക്ക് 30 ലക്ഷം രൂപവ രെയുള്ള വായ്പകളാണ് അനുവദിക്കുന്നത്. വനിതാ വികസന കോർപ്പ റേഷന്റെ ആറു ശതമാനം പലിശ നിരക്കിലുള്ള വായ്പക്ക് ആദ്യ നാലു വർഷം നോർക്ക റൂട്ട്സിന്റെ മൂന്നു ശതമാനം സബ്സിഡി അടക്കം മൂന്നു ശതമാനം പലിശ നിരക്കിലാണ് വായ്പ നൽകുന്നത്. 15 ശത മാനം-പരമാവധി മൂന്നു ലക്ഷം വരെ - മൂലധന സബ്സിഡിയും ലഭിക്കും. വനിതാ വികസന കോർപ്പറേഷന്റെ www.kswdc.org എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാവുന്നതാണ്. വിശദാംശങ്ങൾക്ക് വനിതാ വികസന കോർപ്പറേഷൻ ഓഫീസുമായി 0471 2328257, 9496015006 എന്നീ നമ്പരുകളിൽ ബന്ധപ്പെടുകയോ നോർക്ക റൂട്ട്സിന്റെ www.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാ വുന്നതാണ്. നോർക്ക റൂട്ട്സ്, തിരുവനന്തപുരം ഹെഡ്ഓഫീസിലെ 0471 2770511 എന്ന നമ്പരിലും 18004253939 എന്ന ടോൾ ഫ്രീ നമ്പരിലും വിവരങ്ങൾ ലഭിക്കും. 00918802012345 എന്ന നമ്പരിൽ വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനവും ലഭ്യമാണ്.

**"വനിതകൾക്ക് സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകൾ"**

**20-04-2022**

സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാ ദമി ഫോർ സ്കിൽ എക്സലൻസും (KASE), ഐ.എച്ച്.ആർ.ഡി. എറ ണാകുളം സെന്ററും ചേർന്ന് ഐ.എച്ച്.ആർ.ഡി.യുടെ വിവിധ സ്ഥാപ നങ്ങളിൽ വനിതകൾക്കായി സൗജന്യ തൊഴിലധിഷ്ഠിത കോഴ്സു കൾ ആരംഭിക്കുന്നു. എസ്.എസ്.എൽ.സി. ആണ് അടിസ്ഥാന യോഗ്യത. അഞ്ച് ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാ നമുള്ളവർ, എസ്.സി/എസ്.റ്റി/ഒ.ബി.സി., കോവിഡും പ്രളയവും മൂലം ജോലി നഷ്ടപ്പെട്ടവർ, ഏക രക്ഷിതാക്കൾ, ഭിന്നശേഷി കുട്ടികളുടെ അമ്മമാർ, വിധവകൾ, വിവാഹമോചിതർ, ഒറ്റ പെൺകുട്ടിയുടെ അമ്മ മാർ എന്നിവർക്കാണ് മുൻഗണന. കോഴ്സുകളിൽ ചേർന്ന് തൊഴിൽ പരിശീലനം നേടാൻ ആഗ്രഹിക്കുന്നവർ 9497804276, 8547020881, 9447488348, 9446255872 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

കെയ്സ് ഫാഷൻ & അപ്പാരൽ മേഖലയിലെ ഇന്ത്യയിലെ പ്രമുഖ വൊക്കേഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ആയ അപ്പാരൽ ട്രെയിനിംഗ് & ഡിസൈൻ സെന്ററുമായി ചേർന്ന് തിരുവനന്തപുരം, കൊച്ചി, കൊല്ലം, കണ്ണൂർ സെന്ററുകൾ മുഖേന വനിതകൾക്കായി നടത്തുന്ന സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളിലും എസ്.എസ്.എൽ.സി. യോഗ്യത യുള്ളവർക്ക് അപേക്ഷിക്കാം.

കോഴ്സുകളിൽ ചേർന്ന് തൊഴിൽ പരിശീലനം നേടുവാൻ ആഗ്രഹിക്കുന്നവർ തിരുവനന്തപുരം ജില്ലയിലെ കിൻഫ്ര ഇന്റർനാഷ ണൽ അപ്പാരൽ പാർക്കിലുള്ള അപ്പാരൽ ട്രെയിനിംഗ് ആൻഡ് ഡിസൈൻ സെന്ററിന്റെ റീജിയണൽ ഓഫീസു മായോ തിരുവനന്തപുരം: 0471 2706922, 9746271004, 9746853405, 9947640149, കൊല്ലം: 0474-2747922/ 7034358798, കൊച്ചി: 0484 2544199/ 9947682345, കണ്ണൂർ: 0460 2226110/ 9961803757 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെ ടണം.



*ശേഖരണം:* ലീജ

*(കാര്യശേഷി വികസന കമ്മീഷൻ കോർഡിനേറ്റർ* TSSS)

## കലീഡോസ്കോപ്പ്



സ്വാതന്ത്ര്യ സമര കാലത്ത് കോൺഗ്രസിന് വിലക്കേർപ്പെടുത്തിയതിൽ പ്രതിഷേധിച്ച് ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവിനെതിരെ തമ്പാനൂർ മുതൽ കവടിയാർ കൊട്ടാരം വരെ ഇരുപ തിനായിരം സമരക്കാർ നടത്തിയ പ്രക്ഷോഭ ജാഥക്കു നേരെ വെടിയുതിർക്കാൻ ബ്രിട്ടീഷ് പോലീസ് മേധാവി ഉത്തരവിട്ടു. ഒട്ടും കൂസാതെ പോലീസിന് നേരെ ചെന്ന് "ഞാനാണ് നേതാവ്; എന്നെ കൊന്നിട്ട് എന്റെ അണികളെ കൊന്നു കൊള്ളൂ" എന്ന് ആക്രോശിച്ച ധൈര്യം! അതായിരുന്നു **അക്കമ്മ ചെറിയാൻ.** ദേശ സേവികാ സംഘം രൂപീകരിച്ചു. സ്വാത ന്ത്ര്യ സമരത്തിൽ നിറ സാന്നിദ്ധ്യമായി. തിരുവിതാംകൂറിന്റെ **'ഝാൻസി റാണി'** എന്ന് മഹാത്മാജി വിശേഷിപ്പിച്ച ഈ സ്ത്രീരത്നം 1909 ഫെബ്രുവരി 14ന് കാഞ്ഞിരപ്പള്ളിയിൽ ജനിച്ച്, 1982 മെയ് മാസം അഞ്ചാം തീയതി തിരുവനന്തപുരത്ത് മരണമടഞ്ഞു.

# ആരോഗ്യം

ദാഹം ശമിപ്പിക്കാനും നിരവധി രോഗങ്ങളിൽ നിന്നും മുക്തി നേടിത്തരാനും കഴിയുന്ന ഏറ്റവും നല്ല പാനീയമാണ് വെള്ളം. നമ്മുടെ ആരോഗ്യം മെച്ചപ്പെടുത്താൻ ശുദ്ധ ജലത്തിനുള്ള പങ്ക് വളരെ വലുതാണ്. അതിരാവിലെ വെറും വയറ്റിൽ വെള്ളം കുടിക്കുന്നതിന്റെ വിവിധ ഗുണങ്ങൾ ഇവ:

1. നിങ്ങളുടെ കുടലുകളെ ശുദ്ധീകരിക്കുന്നു.
2. ശരീരത്തിൽ നിന്ന് വിഷവസ്തുക്കളെ പുറന്തള്ളുന്നു.
3. തലവേദന തടയുന്നു.
4. വിശപ്പ് വർദ്ധിപ്പിക്കുന്നു.
5. ഊർജ്ജം വർദ്ധിപ്പിക്കുന്നു
6. ദഹനനാളിയെ ശുദ്ധീകരിക്കാൻ സഹായിക്കുന്നു.
7. ശരീരഭാരം കുറയ്ക്കാൻ സഹായിക്കുന്നു.
8. നിങ്ങളുടെ ചർമ്മം മെച്ചപ്പെടുത്തുന്നു.
9. മുടിക്ക് ആരോഗ്യവും, തിളക്കവും നൽകുന്നു.
10. വൃക്കയിലെ കല്ലുകൾ തടയുന്നു.
11. രോഗപ്രതിരോധ സംവിധാനത്തെ ശക്തിപ്പെടുത്തുന്നു.



*ശേഖരണം:* Sr. സ്വപ്ന
*(ആരോഗ്യകാര്യ കമ്മീഷൻ കോർഡിനേറ്റർ,* TSSS)

# എസ്.എച്ച്.ജി.വാർത്തകൾ

**കോവളം ഫൊറോന**

സ്വയം പര്യാപ്ത എന്നത് വാക്കുകളിൽ മാത്രം ഒതുക്കി നിർത്തേണ്ട ഒന്നല്ല മറിച്ച് പ്രവർത്തികളിലൂടെ നാം തെളിയിക്കേണ്ട ഒരു കാര്യമാണ്. ഇന്നലെകളിലെ സ്ത്രീകൾ പുരുഷന്റെ അടിമകളായിരുന്നു. നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങി കൂടേണ്ട ഒരു ജന്മം. പക്ഷേ കാലം മാറി. പുസ്തകത്താളിൽ നാം പഠിച്ച ഝാൻസിറാണിയും സരോജിനി നായിഡുവും ഒക്കെയായി ഓരോ സ്ത്രീയും ഇന്നുമാറി കഴിഞ്ഞു.

ഇനി ഞാൻ എന്നിലേയ്ക്കുതന്നെ കടക്കാം സ്വപ്നങ്ങൾ ചില കിലേറി പറന്നു നടന്നകാലം അതിനിടയിൽ എല്ലാ സ്ത്രീകളുടേയും ജീവിതത്തിൽ നടക്കുന്ന കാര്യം എന്റെ ജീവിതത്തിലും നടന്നു

വിവാഹം. ജീവിച്ചതും വളർന്നതുമായ സാഹചര്യങ്ങളിൽ നിന്നും വളരെ വ്യത്യാസപ്പെട്ട ഒരു ജീവിതമായിരുന്നു പിന്നീടുണ്ടായത് ഇനി മുന്നോട്ട് എന്ത് എന്ന ചോദ്യം ഓരോ ദിവസവും എന്നോടുതന്നെ സ്വയം ചോദിക്കാൻ തുടങ്ങി. ഒരിക്കൽ ഞാൻ ഇച്ഛയോട് (ഹസ് ബന്റിനെ ഇച്ഛാ എന്നാണ് കേട്ടോ വിളിക്കുന്നത്) ചോദിച്ചു- "ഞാൻ പുറത്ത് എന്തേലും ജോലിക്ക് പൊയ്ക്കോട്ടോ." "നീയോ? ജോലിക്കോ? അത് ഒരിക്കലും ശരിയാകില്ല." ഇടിമിന്നൽ ഏറ്റതുപോലെ ഞാൻ പകച്ചു നിന്നു. എന്റെ കണ്ണിൽ നിന്നും ധാരധാരയായി കണ്ണുനീർ തുള്ളി കൾ വന്നു. ഇച്ഛ അടുത്തേയ്ക്ക് വന്ന് കണ്ണുനീർ തുടച്ചു. തോളിൽ തട്ടി. "എടീ മണ്ടീ നിന്നോട് ഞാൻ പുറത്ത് ജോലിക്ക് പോകണ്ടാ എന്നാ പറഞ്ഞത്. നീ ആരുടെയും കീഴിൽ ജോലിക്ക് പോകണ്ടാ എന്നാ. ഞാൻ കണ്ട നിനക്ക് ഒരുപാട് കഴിവുകൾ ഉണ്ട്. സ്വന്തമായി നിനക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും. നിനക്കു മുകളിൽ നീ മാത്രമായിരി ക്കണം" ഇതു കേട്ട എനിക്ക് ലോകം കീഴടക്കിയ സന്തോഷമായിരുന്നു. പക്ഷേ അപ്പോഴും ഒരുപാട് ചോദ്യങ്ങൾ മുന്നിലുണ്ടായിരുന്നു. ഒറ്റയ്ക്ക് ഞാൻ എന്തൊക്കെ ചെയ്യും. അപ്പോൾ ദൈവദൂതന്റെ വേഷത്തിൽ അമ്മ (അമ്മായി) എന്നോട് ചോദിച്ചു "നീ ഇപ്പോൾ വെറുതേ ഇരിക്കുകയല്ലെ. നമുക്ക് ഒരു എസ്.എച്ച്.ജി. രൂപീകരിച്ചാലോ" എസ്.എച്ച്.ജി. യോ അതെന്താ? അമ്മ എല്ലാം വിശദീകരിച്ച് പറഞ്ഞുതന്നു. പിന്നെ ഒട്ടും വൈകിയില്ല. സൂര്യൻ അസ്തമിക്കും മുന്നേ 13 അംഗങ്ങളെ സംഘടി പ്പിച്ചു. ആനിമേറ്ററുടെ നേതൃത്വത്തിൽ ആ ആഴ്ചതന്നെ സെന്റ് അൽഫോൺസാ എസ്.എച്ച്.ജി. എന്ന 13 പേരടങ്ങുന്ന ഒരു സംഘം രൂപീകരിക്കുകയുണ്ടായി. തുടർന്ന് അതിനുള്ളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താം എന്നായി അന്വേഷണം.

ആക്റ്റിവിറ്റി ഗ്രൂപ്പ് ആരംഭിക്കുക എന്ന ഒരു സാധ്യത മുന്നിൽ തെളിഞ്ഞു. LED ബൾബു നിർമ്മാണത്തിൽ പരിശീലനം ലഭിച്ചു. ഇപ്പോൾ രണ്ടുവർഷത്തോളമായി പല വീടുകളിലും തെളിക്കുന്ന പ്രകാശം എന്റെ കൈകളിലൂടെ കടന്നുപോയതാണെന്ന് ഓർക്കുമ്പോൾ സന്തോഷം ആർത്തിരമ്പുകയാണ്.

അങ്ങനെ ഇരിക്കെ എസ്.എച്ച്.ജി.യിൽ നിന്നും വനിത കൾക്കായി ഒരു മൊബൈൽ ടെക്നീഷ്യൻ കോഴ്സ് വന്നു മറിച്ചൊന്നും ചിന്തിക്കാതെ ഞാൻ ആ കോഴ്സിനും ചേർന്നു. മാസങ്ങൾക്കുള്ളിൽ

തന്നെ ആ കോഴ്സും പാസായി. ഇന്നിപ്പോൾ അറിയപ്പെടുന്ന ചെറിയൊരു മൊബൈൽ ടെക്നീഷ്യനാണ് ഞാൻ. കൂടാതെ ഒരു എൽ.ഇ.ഡി. ബൾബ് ട്രെയിനർ കൂടിയാണ്. പല സ്ഥലങ്ങളിൽ ഒരുപാട് പേർക്ക് ക്ലാസുകൾ കൈകാര്യം ചെയ്യാൻ ഇതിനോടകം സാധിച്ചു.

ഒന്നും ആകില്ല എന്ന അവസ്ഥയിൽ നിന്നും ഇതുവരെയൊക്കെ ആയതിനു പിന്നിൽ ഒരുപാട് കാര്യങ്ങളുണ്ട്. ആത്മവിശ്വാസം, സ്ഥിരോത്സാഹം, പഠിക്കാനുള്ള മനസ്സ്, വളരാനുള്ള ആഗ്രഹം, കഠിനപ്രയത്നം, തോറ്റുകൊടുക്കില്ല എന്ന വാശി. പിന്നെ കൂട്ടായ പ്രവർത്തനം. ഒരു സന്ദർഭത്തിൽ പല കാരണങ്ങൾകൊണ്ടും കൂട്ടാളികൾ ഓരോ വഴിക്ക് പിരിഞ്ഞുപോയി. ഒരുപാട് നിരാശയോടെ മാസങ്ങളോളം കഴിഞ്ഞുകൂടി. പിന്നീട് ഞാൻ ഒറ്റയ്ക്ക് ഇറങ്ങി ചെയ്യുന്നതിനെ കുറിച്ച് ചിന്തിച്ചു. ട്രെയിനിംഗ് കഴിഞ്ഞ എല്ലാവരെയും വിളിച്ചുകൂട്ടി ചോദിച്ചു- "നിങ്ങൾക്ക് താൽപര്യമുണ്ടോ? എന്തായാലും ഞാൻ ഈ പ്രവർത്തനം ചെയ്യുക തന്നെ ചെയ്യും." എന്റെ വാക്കുകൾക്കു മുന്നിൽ No പറയാൻ കഴിയാഞ്ഞിട്ടാവണം അവരിൽ 3 പേരും Yes പറഞ്ഞു. അങ്ങനെ ഞങ്ങൾ 4 പേരും ചേർന്ന് **ഏദൻ എൽ.ഇ.ഡി. യൂണിറ്റ്** ആരംഭിച്ച് വിജയകരമായി പ്രവർത്തിച്ചു വരുന്നു.



*തയ്യാറാക്കിയത്:* അശ്വതി
*(സെന്റ്. അൽഫോൺസാ SHG, കോവളം ഫൊറോന)*

**പുല്ലുവിള ഫൊറോന**

എസ്.എച്ച്.ജി.കൾ പ്രത്യേക ദിവസങ്ങളിലോ തിരുനാൾ ദിവസങ്ങളിലോ അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും അന്നേദിവസം അവരോടൊത്ത് ചെലവഴിക്കുകയും ധനസഹായങ്ങളും, അന്നദാനങ്ങളും നടത്തിവരികയും ചെയ്യുന്നു.

കോവിഡ്-19 സാഹചര്യങ്ങൾക്കു മുമ്പ് പള്ളം ഇടവകയിലെ രാജീവ് എസ്.എച്ച്.ജി. മാസത്തിലെ ആദ്യവെള്ളിയാഴ്ചകളിൽ ആശുപത്രികളിൽ പൊതിച്ചോർ വിതരണം നടത്തിയിരുന്നു.

കൊല്ലംകോട് ഇടവകയിൽ എസ്.എച്ച്.ജി. ഫെഡറേഷൻ 100 രൂപ രോഗീ ധനസഹായ ഫണ്ടിലേക്ക് മാറ്റിവയ്ക്കുകയും ഇടവകയിലെ

മാരകരോഗികളിലേക്ക് ചികിത്സയ്ക്ക് ആവശ്യമായ ചികിത്സാസഹായം നൽകിവരുകയും ചെയ്യുന്നു. രോഗികൾ അപേക്ഷകൾ എസ്.എച്ച്.ജി. ഫെഡറേഷനിൽ സമർപ്പിക്കുകയും അവ അന്വേഷിച്ച് എസ്.എച്ച്.ജി. ഫെഡറേഷൻ മീറ്റിംഗിൽ വച്ച് ധനസഹായം നൽകുകയും ചെയ്തു വരുന്നു.



**അഞ്ചുതെങ്ങ് ഫെറോന**

TSSS ന്റെ നേതൃത്വത്തിൽ തയ്യൽ പരിശീലനം പൂർത്തിയാക്കി **'ഡ്രീംസ്'** തയ്യൽ യൂണിറ്റ് ആരംഭിക്കുന്നതിന് തയ്യാറെടുത്തു വരുന്ന ലിസയും സംഘവും.



**തൂത്തൂർ ഫെറോന**

2017-ൽ സെന്റ് ആന്റണീസ് എന്ന പേരിൽ 12 അംഗങ്ങൾ ചേർന്ന് ആരംഭിച്ച സ്വയം സഹായ സംഘം 2018-ൽ **Gem Fashion** എന്ന പേരിൽ തുടങ്ങി വിജയകരമായി തൂത്തൂർ ഫെറോനയിൽ നടത്തി വരുന്ന സംരംഭം. 2020 -ലെ Best Activity Group ആയി പ്രസ്തുത യൂണിറ്റ് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

---

ഉണർവ് ഏപ്രിൽ മാസ ക്വിസ്സ് മത്സരത്തിൽ വിജയികളായ പുല്ലുവിള ഫെറോനയിലെ പരുത്തിയൂർ ഇടവക **ഷാനു SHG** യിലെ ***ഷിലു അമ്മ എസും***, **ഭാഗ്യ SHG** യിലെ ***മജ്ഞു ബി*** യും





## ചൈൽഡ് ലൈൻ തിരുവനന്തപുരം

1. കുട്ടികൾ രാജ്യത്തിന്റെ അമൂല്യമായ സമ്പത്തും ഭാവിയുടെ വാഗ്ദാനങ്ങളുമാണ്. എല്ലാ രാജ്യങ്ങളും കുട്ടികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി അനവധി പദ്ധതികളും പരിപാടികളുമാണ് ആസൂത്രണം ചെയ്യുന്നത്. കുട്ടികൾക്കുവേണ്ടി മുതൽ മുടക്കുന്നത് തീർച്ചയായും രാജ്യത്തിന്റെ ഭാവിക്ക് പ്രയോജനം ചെയ്യും. സുരക്ഷിതമായ ബാല്യം ഓരോ കുട്ടിയുടെയും അവകാശമാണ്. ഇൻഡ്യൻ ഭരണഘടനയും ഐക്യരാഷ്ട്ര സഭയും ഇത് ശരി വയ്ക്കുകയും ഇതിനായി നിയമ നിർമ്മാണങ്ങളും ഉടമ്പടികളും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സാർവ്വലൗകീകമായി അംഗീകരിക്കപ്പെട്ട, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കുക, അവശ്യ സന്ദർഭങ്ങളിൽ കുട്ടികളെ സഹായിക്കുക എന്നത് ഓരോ പൗരന്റെയും കടമയാണ്.

## സ്ത്രീകളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും: 1091

**1. ഗാർഹിക അതിക്രമങ്ങൾ**

സ്ത്രീയുടെ ഒപ്പം ഒരേ വീട്ടിൽ താമസിക്കുന്ന പുരുഷൻ (ഭർത്താവ്/ പങ്കാളി, അച്ഛൻ, സഹോദരൻ, മകൻ, ബന്ധുവായ മറ്റു പുരുഷന്മാർ) സ്ത്രീയുടെ ശരീരം, സ്വത്ത് തുടങ്ങിയവ ബലം പ്രയോഗിച്ചു കയ്യടക്കുകയോ അതിനായി ഭീഷണിപ്പെടുത്തുകയോ ചെയ്യുക, മാനസികമായോ വൈകാരികമായോ ചൂഷണം ചെയ്യുക എന്നിവയെല്ലാം ഗാർഹിക പീഡനമാണ്. ഒപ്പം ജീവിക്കുന്ന സ്ത്രീകൾ തങ്ങളെ ചോദ്യം ചെയ്യാതെ അനുസരിക്കേണ്ടവരാണെന്നും അവരുടെ എല്ലാ കാര്യങ്ങളും നിയന്ത്രിക്കാനും തീരുമാനിക്കാനും ഉള്ള പൂർണ്ണ അവകാശം തങ്ങൾക്കാണെന്നും പുരുഷന്മാർ കരുതുന്നു. ഈ വിശ്വാസത്തിന്റെ ഫലമാണ് ഗാർഹികാതിക്രമങ്ങൾ.


**TRIVANDRUM SOCIAL SERVICE SOCIETY**

*Trivandrum Latin Arch Diocese*

*TSSS Golden Jubilee Building*

*Phone: 8301027262*

*Archbishop's House Compound, Vellayambalam P.O. - 695 003*

*Thiruvananthapuram, Kerala, India*